(ബി) ഇതിനായി സംസ്ഥാന വിഹിതമായി എത്ര തുകയാണ് ചെലവഴിക്കേണ്ടിയിരുന്നതെന്ന് അറിയിക്കാമോ ;

(സി) മുൻസർക്കാരിന്റെ കാലത്താരംഭിച്ച 108 ആംബുലൻസ് പദ്ധതി പ്രകാരം എത്ര ആംബുലൻസുകൾ നിലവിൽ ഓടുന്നുണ്ട് ; പദ്ധതിയുടെ മുൻ ഏജൻസിയെ മാറ്റാനിടയായ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ 201 മുതൽ 300 ദിനംവരെയുള്ള കർമ്മപരിപാടിയിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുവാനുദ്ദേശിച്ചിരുന്നത്.

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി സംസ്ഥാന വിഹിതമായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(സി) 108 ആംബുലൻസ് പദ്ധതി പ്രകാരം സംസ്ഥാനത്ത് തിരുവനന്തപുരം ജില്ലയിൽ 25 ആംബുലൻസുകളും ആലപ്പുഴ ജില്ലയിൽ 18 ആംബുലൻസുകളും നിലവിൽ സർവ്വീസ് നടത്തുന്നുണ്ട്. ഈ പദ്ധതിയുടെ തുടക്കത്തിൽ ഓപ്പറേറ്റിംഗ് ഏജൻസിയായ സിക്കിറ്റ്സ ഹെൽത്ത് കെയർ ലിമിറ്റഡിന്റെ കാലാവധി 15-10-2013-ൽ അവസാനിച്ചതിനാൽ പ്രസ്തുത പദ്ധതിയുടെ തുടർനടത്തിപ്പിനായി ടെൻഡർ വിളിക്കുകയും ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ജി.വി.കെ. ഇ.എം.ആർ.ഐ. എന്ന കമ്പനിയെ പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് ചുമതല ഏൽപ്പിക്കുകയും ചെയ്തു.

യോഗ പരിശീലനം

73 (4876) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിന് പൊതുജനങ്ങൾക്ക് യോഗപരിശീലനം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(ബി) യോഗപരിശീലനത്തിനായി ആരോഗ്യവകുപ്പിലെ ഫീൽഡ് വിഭാഗം ജീവനക്കാർക്ക് പ്രത്യേക പരിശീലനം നൽകി നോൺ കമ്മ്യൂണിക്കബിൾ ഡിസീസ് ക്ലിനിക്കുകൾ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ജീവിതശൈലീ രോഗങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നതിനെ പ്രതിരോധിക്കുന്നതിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് അമൃതം ആരോഗ്യം. ഈ പദ്ധതിയിൽ- ആരോഗ്യ ബോധവൽക്കരണവും രോഗ

LIBRARY ARCHIVES Kerala Legislative Assembly

നിർണ്ണയവും സൗജന്യമരുന്ന് വിതരണവും ഉറപ്പാക്കുന്നതിനോടൊപ്പം യോഗ പരിശീലനവും നൽകിവരുന്നു. തൊഴിൽശാലകളിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്കായി യോഗ ഇൻ വർക്ക് പ്ലെയിസസ്, വിദ്യാലയങ്ങളിൽ ലീപ്പ് (ലൈഫ് സ്റ്റൈൽ എഡ്യൂക്കേഷൻ ആന്റ് അവയർനെസ് പ്രോഗ്രാം) എന്നിവ നടപ്പിലാക്കിവരുന്നു. സ്കൂളുകളിൽ നാഷണൽ ഹെൽത്ത് മിഷൻവഴി നടപ്പിലാക്കിവരുന്ന സ്കൂൾ ആരോഗ്യ പദ്ധതിയുടെ ഭാഗമായി സ്കൂൾ ഹെൽത്ത് നഴ്സുമാർ മുഖേനയാണ് യോഗ പരിശീലനം നടപ്പിലാക്കിവരുന്നത്. പൊതുജനങ്ങൾക്കായി യോഗ പരിശീലനം നടത്തുന്നതിനുള്ള നടപടികൾ ആയുഷ് വകുപ്പുമായി ചേർന്ന് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(ബി) യോഗ പരിശീലനത്തിനായി ആരോഗ്യവകുപ്പിലെ ഫീൽഡ് വിഭാഗം ജീവനക്കാരെ ഉപയോഗപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ഉഷസ് പദ്ധതി

74 (4877) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അർബൻ സ്ലം ഹെൽത്ത് അപ് ലിഫ്റ്റ്മെന്റ് സ്കീം (ഉഷസ്) പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയോ; എങ്കിൽ എന്ന് മുതൽ ?

ഉത്തരം

അർബൻ സ്ലം ഹെൽത്ത് അപ്ലിഫ്റ്റ്മെന്റ് സ്കീം (ഉഷസ്) 2014 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്.

അമ്മയും കുഞ്ഞും പദ്ധതി കാര്യക്ഷമമാക്കാൻ നടപടി

75 (4878) ശ്രീ. എം. എ. വാഹീദ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly